# പതിനാലാം കേരളനിയമസഭ
# പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം:2877** **13.03.2020 -ൽ മറുപടിയ്ക്ക്**

## ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) നിർമ്മാണം പൂർത്തിയാക്കാത്തതിനാലും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും ഭവന നിർമ്മാണ ബോർഡിന്റെ പല പദ്ധതികളും പരാജയപ്പെട്ടതായി സി&എ.ജി. കണ്ടെത്തുകയുണ്ടായോ; | (എ) കണ്ടെത്തുകയുണ്ടായി. 2017-18-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.7.1 ൽ തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത, പ്രോജക്ടുകളുടെ സാമ്പത്തിക ക്ഷമത, പ്രോജക്ടുകൾക്കുള്ള ധനസഹായ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാതെ പദ്ധതികൾക്ക് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കേരള സർക്കാരിൽ നിന്നും അംഗീകാരം തേടിയത് പദ്ധതികളുടെ നിർവ്വഹണം പരാജയപ്പെടാൻ കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്. |
| (ബി) 2013-18 കാലത്ത് ബോർഡ് 3377 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ പ്രസ്തുത കാലയളവിൽ തദ്ദേശ വകുപ്പ് 3,16,396 വീടുകൾ പൂർത്തിയാക്കിയതായി സി&എ.ജി. കണ്ടെത്തുകയുണ്ടായോ; | (ബി) കണ്ടെത്തിയതായി സി.&എ.ജി പരാമർശിച്ചിട്ടുണ്ട്. |
| (സി) 2013-18 കാലത്ത് ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 289.96 കോടി രൂപയായിരുന്നുവെങ്കിലും നിർമ്മാണ പദ്ധതികൾക്കായി വിനിയോഗിച്ചത് 96.77 കോടി രൂപ മാത്രമായിരുന്നോ; | (സി) 2013-18 കാലത്ത് ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 289.96 കോടി രൂപ ചെലവഴിച്ചിരുന്നു. എന്നാൽ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ 99.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് . |
| (ഡി) ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് ഫ്ലാറ്റ് നൽകുന്ന സാഫല്യം പദ്ധതിയിൽ 1032 വീടുകളുടെ നിർമ്മാണം ലക്ഷ്യമിട്ടുവെങ്കിലും പൂർത്തിയായത് വെറും 72 എണ്ണം മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. സാഫല്യം പദ്ധതിയിലൂടെ കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ 48 ഫ്ളാറ്റുകളും എറണാകുളം ജില്ലയിലെ ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളും നിർമ്മാണം പൂർത്തിയായി ഗുണഭോക്താ ക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| (ഇ) ബോർഡിന്റെ നിലനിൽപ്പു തന്നെ ചോദ്യം ചെയ്യുന്ന ഇത്തരം കാര്യങ്ങളിൽ സർക്കാർ നിലപാട് | (ഇ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. പൊതു ഭവന |

| | |
|---|---|
| വ്യക്തമാക്കുമോ; വിശദവിവരങ്ങൾ നൽകുമോ? | പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നല്കുന്ന ഭവന നിർമ്മാണ മേഖലയിലെ ഏജൻസിയാണ് ഭവന നിർമ്മാണ ബോർഡ്.<br>സർക്കാർ 2020-2021 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന ചുവടെ കാണുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്<br>ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പദ്ധതി, ഇ ഡബ്ല്യൂ എസ്/എൽ ഐ ജി ഭവന പദ്ധതി, കോഴിക്കോട് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഭൂമിയിൽ സർക്കാർ ജീവനക്കാർ/ഉന്നത ഉദ്യോഗസ്ഥർക്കുള്ള ഫ്ലാറ്റുകൾ/ക്വാർട്ടേഴ്സുകൾ.<br>കൊച്ചി മറൈൻ ഡ്രൈവിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.90 ഏക്കർ ഭൂമിയിൽ 3105 കോടി രൂപയുടെ പദ്ധതി ചെലവിൽ അന്തർദ്ദേശീയ പ്രദർശന നഗരി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ച് വരുന്നു. |

Subha S

സെക്ഷൻ ഓഫീസർ